**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6124** **17-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ ഇന്റേണുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുകളിൽ നിയമിച്ച വ്യവസായ ഇന്റേണുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എത്ര വർഷത്തേക്കാണ് ഇവരുടെ നിയമനം എന്നും ഇവരുടെ പ്രവർത്തനം ഏതൊക്കെ മേഖലകളിലാണ് എന്നും വിശദമാക്കാമോ; | (എ) | ഇന്റേണുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. ഇവരുടെ നിയമനം, നിയമന തിയതി മുതൽ 31/03/2023 വരെയാണ്. വ്യവസായം തുടങ്ങുന്നതിനാവശ്യമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുക, ലോൺ, ലൈസൻസുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനും സംരംഭം തുടങ്ങുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുക, സംശയങ്ങൾ ദൂരീകരിക്കുക, വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പരിചയപ്പെടുത്തുക, അവയ്ക്ക് ആവശ്യമായ സഹായങ്ങൾ നൽകുക എന്നീ പ്രവർത്തനങ്ങൾ ഇവർ നടത്തുന്നു. കൂടാതെ സംരംഭക വർഷം തുടങ്ങിയ യൂണിറ്റുകളുടെ വിവരങ്ങൾ, വ്യവസായ വകുപ്പിന്റെ പോർട്ടലിൽ രേഖപ്പെടുത്തുക എന്നതു ഇന്റേണുകൾ ചെയ്യുന്നുണ്ട്. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ ഒരുവർഷം ഒരു ലക്ഷം സംരംഭം പദ്ധതിയുടെ ഭാഗമായി എത്ര പുതിയ പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം അറിയിക്കാമോ; | (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി 1111 പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. |

| | ഗ്രാമപഞ്ചായത്ത് | ആരംഭിച്ച പദ്ധതികൾ |
|---|---|---|
| 1 | ബാലുശ്ശേരി | 123 |
| 2 | കൂരാച്ചുണ്ട് | 75 |
| 3 | കോട്ടൂർ | 131 |
| 4 | നടുവണ്ണൂർ | 118 |
| 5 | പനങ്ങാട് | 133 |
| 6 | ഉള്ളിയേരി | 137 |
| 7 | ഉണ്ണിക്കുളം | 201 |
| 8 | അത്തോളി | 129 |
| 9 | കായണ്ണ | 64 |

| | | | |
|---|---|---|---|
| (സി) | ബാലുശ്ശേരി മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച | (സി) | ബാലുശ്ശേരി മണ്ഡലത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രസ്തുത സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ